ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:27.08.2025**

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനത്തിന് നാളെ തുടക്കം.

2. മലയോര മേഖലയിലെ ജനങ്ങളുടെ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഭൂപതിവ് ഭേദഗതി നിയമത്തിൻറെ ചട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകരം.

3. സംസ്ഥാന സർക്കാരിൻറെ സൗജന്യ ഓണക്കിറ്റ് വിതരണത്തിന് ഇന്ന് തുടക്കം.

4. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടർന്ന് ആരോഗ്യവകുപ്പ്. കോഴിക്കോട് ജില്ലയിൽ പരിശോധനക്ക് അയച്ച കിണർ വെള്ള സാമ്പിളിൽ അമീബയുടെ സാന്നിധ്യം കണ്ടെത്തി.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത . കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ജമ്മു കശ്മീരിലെ കത്രയിൽ കനത്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ നിരവധി മരണം. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി - ചൈന, ജപ്പാൻ സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനത്തിന് നാളെ തുടക്കം. ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ഈ മാസം 31നും അടുത്ത മാസം ഒന്നിനും പ്രധാനമന്ത്രി ചൈന സന്ദർശിക്കും. ചൈനയിൽ നടക്കാനിരിക്കുന്ന 25-ാമത് ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും.

******************************

## മുഖ്യമന്ത്രി (ഇൻട്രോ)

RNU TVPM

മലയോര മേഖലയിലെ ജനങ്ങളുടെ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഭൂപതിവ് ഭേദഗതി നിയമത്തിൻറെ ചട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം. പട്ടയവ്യവസ്ഥതകൾക്ക് അനുസൃതമല്ലാതെ നടന്നുവരുന്ന നിർമ്മാണവും കൈമാറ്റവും തടയാൻ ഭേദഗതി സഹായകമാവുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്)

******************************

## ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലെ വിളവെടുപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റ് അങ്കണത്തിൽ ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ P പ്രസാദ്,

കെ.എൻ.ബാലഗോപാൽ തുടങ്ങിയവർ പങ്കെടുത്തു. ഓണക്കാലത്ത് വീട്ടുവളപ്പിൽ വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനാണ് സംസ്ഥാന വ്യാപകമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ആരംഭിച്ചത്.

**************************

## സൗജന്യ ഓണക്കിറ്റ് വിതരണം

സംസ്ഥാന സർക്കാരിന്റെ സൗജന്യ ഓണക്കിറ്റ് വിതരണം ഇന്നു മുതൽ. റേഷൻ കടകൾ വഴിയാണ് ഓണക്കിറ്റ് വിതരണം ചെയ്യുന്നത്. എ.എ.വൈ റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമാണ് 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ കിറ്റ് നൽകുന്നത്.

RNU TVPM

**************************

## കണ്ണൂർ കുടുംബശ്രീ - പൂകൃഷി (ഇൻട്രോ)

കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെ അഭിമുഖ്യത്തിൽ ഓണക്കാലത്ത് പൂ വിപണി ലക്ഷ്യമാക്കി ആരംഭിച്ച 202 ഏക്കർ പൂകൃഷി വിളവെടുപ്പ് തുടങ്ങി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

**************************

## ഉത്സവ ബത്ത

സംസ്ഥാനത്തെ പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിന്റെ ഓണം ആശ്വാസമായി 2,250 രൂപ വീതം എക്സ്ഗ്രേഷ്യേ അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 425 ഫാക്ടറികളിലെ 13,835 തൊഴിലാളികൾക്കാണ് ആനുകൂല്യം ലഭിക്കുക. സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കുമുള്ള ഓണം ഉത്സവ ബത്തയും വർധിപ്പിച്ചു. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ ഓണക്കാല ഉത്സവ ബത്ത 250 രൂപ വർധിപ്പിച്ചതായും മന്ത്രി അറിയിച്ചു. ഇവർക്ക് 2,000 രൂപവീതം ലഭിക്കും. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് ഓണത്തിന്റെ ഭാഗമായി 50 കോടി രൂപയുടെ അധിക സഹായവും സർക്കാർ അനുവദിച്ചു.

**************************

RNU TVPM

## തൊഴിലാളി - ഓണക്കിറ്റ്

സംസ്ഥാനത്ത് പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സപ്ലൈകോ ഓണക്കിറ്റ് വാങ്ങുന്നതിനായി 1,000 രൂപയുടെ വീതം ഗിഫ്റ്റ് കൂപ്പണുകൾ വിതരണം ചെയ്യും. ഇതിനായി 21.49 ലക്ഷം രൂപ അനുവദിച്ചു.

**************************

## അമീബിക് മസ്തിഷ്ക ജ്വരം

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രത തുടർന്ന് ആരോഗ്യവകുപ്പ്. കോഴിക്കോട്, താമരശേരി ഓമശ്ശേരി തുടങ്ങിയ പഞ്ചായത്തുകളിലും ബോധവത്കരണ പരിപാടികൾ ആരംഭിച്ചു. കോഴിക്കോട് ജില്ലയിൽ പരിശോധനക്ക് അയച്ച കിണർ വെള്ള സാമ്പിളിൽ

അമീബയുടെ സാന്നിധ്യം കണ്ടെത്തി. രോഗം തടയാൻ ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യും.

**************************

## നെഹ്റു ട്രോഫി വള്ളംകളി (ഇൻട്രോ)

71-ാമത് നെഹ്റു ട്രോഫി വള്ളംകളി ശനിയാഴ്ച ആലപ്പുഴ പുന്നമടക്കായലിൽ നടക്കും. ഉച്ചകഴിഞ്ഞു 2 ന് മുഖ്യമന്ത്രി പിണറായി വിജയനാണ് മേള ഉദ്ഘാടനം ചെയ്യുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ...**

**(വോയിസ്)**

**************************

## ലോക് സംവർധൻ പർവ്വ്

കൊച്ചിയിൽ നടക്കുന്ന ലോക് സംവർധൻ പർവ്വ് അഞ്ചാം പതിപ്പിൽ ഇന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പങ്കെടുക്കും. ന്യൂനപക്ഷ വിഭാഗത്തിലെ കരകൗശല വിദഗ്ധർ, സംരംഭകർ തുടങ്ങിയവർക്ക് ദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്. പരിപാടിയുടെ ഭാഗമായി കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയവും ഐസിഎആർ-സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ നാളെ ധാരണാപത്രവും ഒപ്പുവയ്ക്കും.

**************************

## മൂന്നാർ - നീലക്കുറിഞ്ഞി (ഇൻട്രോ)

RNU TVPM

മൂന്നാറിൽ മൂന്നിടത്ത് നീലക്കുറിഞ്ഞി പൂത്തു. നീലക്കുറിഞ്ഞി വ്യാപകമായി പൂത്താൽ ആ കാഴ്ച്ചയാസ്വദിക്കാൻ മൂന്നാറിലേക്ക് സഞ്ചാരികളുടെ ഒഴുക്ക് ഉണ്ടാകും. ഓണാവധി ആഘോഷിക്കാനെത്തുന്നവർക്ക് പൂത്ത് നിൽക്കുന്ന നീലക്കുറിഞ്ഞി കൂടി കണ്ട് മടങ്ങാം.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

********************************

**മഴ - കേരളം**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് തുടങ്ങി ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. കേരള തീരത്ത് നാളെ വരെയും കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

********************************

**ജമ്മു കശ്മീർ - മഴ**

ജമ്മു കശ്മീരിലെ കത്രയിൽ വൈഷ്ണോദേവി ക്ഷേത്രത്തിലേക്കുള്ള വഴിയിൽ കനത്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ നിരവധി മരണം. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. സംഭവം അതീവ ദുഖകരമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും സംസാരിച്ച അദ്ദേഹം,

RNU TVPM

കേന്ദ്രത്തിന്റെ പൂർണ്ണ പിന്തുണ ഉറപ്പ് നൽകി. അതേസമയം, ജമ്മു ഡിവിഷനിലെ ബനിഹാൽ, റംബാൻ, ഉദംപൂർ, നഗ്രോട്ട എന്നിവയ്ക്കിടയിലുള്ള നിരവധി സ്ഥലങ്ങളിൽ തുടർച്ചയായ മഴയെത്തുടർന്ന് ജമ്മു-ശ്രീനഗർ ദേശീയപാതയിൽ വാഹന ഗതാഗതം നിർത്തിവച്ചിരിക്കുകയാണ്.

**************************

## വിനായക ചതുർത്ഥി

ഇന്ന് വിനായക ചതുർത്ഥി. ചതുർത്ഥിയോടനുബന്ധിച്ച് ക്ഷേത്രങ്ങളിൽ പുലർച്ചെ മുതൽ പ്രത്യേക പൂജകൾ ആരംഭിച്ചു. വീടുകളിലും വിഗ്രഹ പൂജ നടക്കുന്നുണ്ട്. രാഷ്ട്രപതിയും, പ്രധാനമന്ത്രിയും രാജ്യത്തെ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു.

PNU TVPM

**************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും വെള്ളിയാഴ്ച വരെ പങ്കുവയ്ക്കാം.

**************************

## ഹജ്ജ് - പരിശീലനം - അബ്ദുറഹിമാൻ

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന 2026-ലെ ഹജ്ജിന് തിരഞ്ഞെടുത്തവർക്ക് മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കും. ആദ്യ ബാച്ചിന്റെ പരിശീലനം സെപ്റ്റംബർ ഒന്നിന് മന്ത്രി V അബ്ദുറഹ്മാൻ താനൂരിൽ ഉദ്ഘാടനം ചെയ്യും.

*

************

****************************************

RNU TVPM